**ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യു വകുപ്പ് - സർവ്വേയും ഭൂരേഖയും വകുപ്പിൽ പത്തനംതിട്ട അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ ലാവണം ഉള്ളതും, അടൂർ റീസർവ്വേ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ഹെഡ് സർവ്വേയർ തസ്തികയിൽ ജോലി ചെയ്തു വരവെ മരണപ്പെട്ടയാളുമായ ശശിധരൻ റ്റി. യുടെ മകനായ ശ്രീ.അർജ്ജുൻ ശശിധരന് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം റവന്യൂ വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഇ) വകുപ്പ്**

**സ.ഉ.(കൈ) നം.68/2024/RD തീയതി,തിരുവനന്തപുരം, 16-03-2024**

---

പരാമർശം:-

1. 30/12/1991 ലെ സ.ഉ(പി) നം. 45/91/ഉ.പ.ഭ.വ.
2. 24/05/1999 ലെ സ.ഉ.(പി.) നം. 12/99/ഉ.പ.ഭ.വ.
3. 21/02/2018 ലെ സ.ഉ.(കൈ.) നം. 5/2018/ഉ.പ.ഭ.വ.
4. ശ്രീ. അർജ്ജുൻ ശശിധരൻ സമർപ്പിച്ച 27/07/2023 ലെ അപേക്ഷ.
5. 11/01/2024 ലെ കണ്ണൂർ ജില്ലാ കളക്ടറുടെ DCKLM/13223/2023-S4 നം. കത്ത്.
6. 31.01.2024 ലെ സർവ്വെ ഡയറക്ടറുടെ DSLR/3392/2023-G3 നം. കത്ത്.

**<u>ഉത്തരവ്</u>**

1. സർവ്വെയും ഭൂരേഖയും വകുപ്പിൽ പത്തനംതിട്ട സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ലാവണമുള്ളതും, ഹെഡ് സർവ്വേയർ തസ്തികയിൽ അടൂർ റീസർവ്വേ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തു വരവെ 10/04/2023 ന് മരണപ്പെട്ടയാളുമായ ശശിധരൻ റ്റി. യുടെ മകനായ ശ്രീ.അർജ്ജുൻ ശശിധരൻ പരാമർശം (4) പ്രകാരം സമർപ്പിച്ച ആശ്രിത നിയമന അപേക്ഷ, പരാമർശം (5) പ്രകാരമുള്ള കൊല്ലം ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ടും ചെക്ക് ലിസ്റ്റും സഹിതം സർവ്വെ ഡയറക്ടർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി.

2. പത്തനംതിട്ട സർവ്വേ റേഞ്ച് അസിസ്റ്റന്റ് ഡയറക്ടറുടെ സേവന സർട്ടിഫിക്കറ്റ് പ്രകാരം മരണമടഞ്ഞ ജീവനക്കാരന്റെ സേവനകാലയളവ് 29 വർഷവും 04 മാസവും 22 ദിവസവും ആണ്. കൊല്ലം താലൂക്ക് തഹസീൽദാർ സാക്ഷ്യപ്പെടുത്തിയ അനന്തര അവകാശ സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകനായ ശ്രീ.അർജ്ജുൻ മരണപ്പെട്ട ജീവനക്കാരന്റെ മകനാണ്. പരേതന്റെ മറ്റ് ആശ്രിതരെല്ലാം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷകന് നിയമനം നൽകുന്നതിന് സമ്മതം നലകിയിട്ടുണ്ട്.

3.അപേക്ഷകന് 24 വയസ്സുണ്ടെന്നും (ജനന തീയതി 08.05.1999) ടിയാൻ

എസ്.എസ്.എൽ.സി, എച്ച്.എസ്.ഇ. എന്നീ യോഗ്യതകൾ നേടിയിട്ടുണ്ടെന്നും, ഈസ്റ്റ് കല്ലട വില്ലേജാഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് പ്രകാരം അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ₹1,44,000/-(ഒരു ലക്ഷത്തി നാൽപ്പത്തിനാലായിരം രൂപ) രൂപയാണെന്നും, മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതർ ആരും തന്നെ ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയോ ജോലി സ്വീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും, പരേതന്റെ ആശ്രിതർക്ക് ആർക്കും ഈ പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം നൽകിയിട്ടില്ലെന്നും, പരേതന്റെ ആശ്രിതരെ സംരക്ഷിക്കാമെന്ന് അപേക്ഷകൻ പരാമർശം(3) പ്രകാരം സംരക്ഷിത മൊഴി നൽകിയിട്ടുണ്ടെന്നും, സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട എന്നീ മൂന്ന് ജില്ലകളിലൊന്നിൽ, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, റവന്യൂ വകുപ്പ് എന്നീ വകുപ്പുകളൊന്നിൽ ക്ലാർക്കു നിയമനം നൽകണമെന്നാണ് അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും കൊല്ലം ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർവ്വേയും ഭൂരേഖയും വകുപ്പിൽ പത്തനംതിട്ട സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ലാവണമുള്ളതും, ഹെഡ് സർവ്വേയർ തസ്തികയിൽ അടൂർ റീസർവ്വേ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തു വരവെ 10/04/2023 ന് മരണപ്പെട്ടയാളുമായ ശശിധരൻ റ്റി.യുടെ മകനായ ശ്രീ.അർജ്ജുൻ ശശിധരന് (തിരുവാതിര, കൊച്ചുപ്ലാംമൂട്, തെക്കേ മുറി, ഈസ്റ്റ് കല്ലട(പി.ഒ), കേരളം) നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, അനന്തരവകാശ സാക്ഷ്യപത്രത്തിന്റെ അസ്സൽ എന്നിവ നിയമനാധികാരി പരിശോധിക്കണമെന്ന വ്യവസ്ഥയ്ക്കും പരാമർശം (3) പ്രകാരം അർഹരായ ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്ന സമ്മതപത്രം സമർപ്പിച്ചിട്ടുള്ളതിനു വിധേയമായും അപേക്ഷകനു കൊല്ലം ജില്ലയിൽ റവന്യൂ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5.പരാമർശം (2) പ്രകാരമുള്ള നിബന്ധനകൾക്കും നിലവിലുള്ള നിയമനങ്ങൾക്കും വിധേയമായി അപേക്ഷകന് റവന്യൂ വകുപ്പിൽ നിലവിലുള്ളതോ ഒഴിവ് വരുന്നതോ ആയ ക്ലാർക്ക് തസ്തികയിൽ കൊല്ലം ജില്ലയിൽ ലാൻഡ് റവന്യൂ കമ്മീഷണർ അനുയോജ്യമായ നിയമനം നൽകേണ്ടതാണ്. ഈ നിയമങ്ങളെല്ലാം പരിശോധിച്ചതിനു ശേഷം ലാൻഡ് റവന്യൂ കമ്മീഷണർ നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയത് പ്രകാരം പുറപ്പെടുവിക്കുന്ന നടപടിക്രമത്തിന്റെ ഒരു പകർപ്പ് സർക്കാരിൽ റവന്യൂ (ഇ) വകുപ്പിൽ അയച്ചു തരേണ്ടതുമാണ്. നിയമനം നൽകിയ വിവരം പരേതന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

6.അപേക്ഷകന്റെ നിയമനത്തിന് ശേഷം പ്രൊബേഷൻ കാലാവധിക്കുള്ളിൽ ബന്ധപ്പെട്ട പരീക്ഷകൾ ടിയാൻ പാസ്സായിരിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്തോ വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷകൻ വസ്തുക്കൾ തെറ്റിദ്ധരിപ്പിക്കുകയോ മറച്ചു വയ്ക്കുകയോ ചെയ്തതായി സർക്കാരിന്

എപ്പോഴെങ്കിലും ബോധ്യപ്പെടുകയോ നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്നു കാണുകയോ ചെയ്താൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

7. പരാമർശം (1) പ്രകാരം അപേക്ഷകയുടെ ജനന തീയതിയിൽ സർവ്വീസ് ബുക്കിൽ എന്തെങ്കിലും തിരുത്തൽ വരുത്തേണ്ടതുണ്ടെങ്കിൽ സർവ്വീസിൽ പ്രവേശിച്ച് അഞ്ചു വർഷത്തിനുള്ളിൽ അപേക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.അർജ്ജുൻ ശശിധരൻ ( തിരുവാതിര, കൊച്ചുപ്ലാംമൂട്, തെക്കേ മുറി, ഈസ്റ്റ് കല്ലട(പി.ഒ), കേരളം,,691502
സർവ്വെ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം
പൊതുഭരണ വകുപ്പ് (സി.ഇ) സെൽ വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (റവ-ഇ1/53/2024/റവ)

ഉത്തരവിൻ പ്രകാരം

Signed by
Joshy.k.l
സെക്ഷൻ ഓഫീസർ
Date: 19-03-2024 11:42:54